പതിമൂന്നാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2835

02.04.2013ൽ
മറുപടിക്ക്

# അനധികൃത മണലൂറ്റ്

ചോദ്യം
ശ്രീ.പി.ഉബൈദുള്ള :

ഉത്തരം
ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ജല വിഭവ വകുപ്പിന്റെ വിവിധ പദ്ധതികൾ, പാലങ്ങൾ എന്നിവയുടെ 500 മീറ്റർ ചുറ്റളവിൽ മണൽ വാരുന്നത് നിരോധിച്ചു കൊണ്ട് ഹൈക്കോടതിയും സർക്കാരും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ; | (എ) | *ജല വിഭവ വകുപ്പിന്റെ വിവിധ പദ്ധതികൾ, പാലങ്ങൾ എന്നിവയുടെ 500 മീറ്റർ ചുറ്റളവിൽ* മണൽ വാരുന്നത് 2002 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും *നിയമം 12 (5) വകുപ്പ് പ്രകാരം നിരോധിച്ചിട്ടുള്ളതാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).* |
| (ബി) | മലപ്പുറം സിവിൽ സ്റ്റേഷനു താഴെ കടലുണ്ടിപ്പുഴയിലെ നാമ്പ്രാണിക്കടവിൽ ചെക്ക്ഡാമിനു താഴെയും കോങ്കയം കുടിവെള്ള പദ്ധതിയുടെ കിണർ സ്ഥിതി ചെയ്യുന്ന മൂഴിക്കൽ കടവിലും ശക്തമായ മണലൂറ്റ് നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ അനധികൃത കടവുകളിൽ നടക്കുന്ന മണലെടുപ്പ് തടയുന്നതിന് ജില്ലാ റവന്യൂ സ്ക്വാഡ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (സി) | അനധികൃത മണൽ കടത്തിനെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മണലൂറ്റിനുപയോഗിക്കുന്ന നിരവധി ചങ്ങാടങ്ങൾ നശിപ്പിക്കുകയും നിരവധി ചാക്ക് മണൽ പിടിച്ചെടുക്കുകയും നിരവധി ലോഡ് മണൽ തിരിച്ച് പുഴയിലേക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അദ്ധ്യായം III

## നദീതീരങ്ങളുടെയും നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥകളുടെയും സംരക്ഷണം

12. ഒരു കടവിലെ മണൽ വാരൽ പ്രവർത്തനങ്ങൾക്കുള്ള പൊതു വ്യവസ്ഥകൾ.—(1) മണൽ വാരൽ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനു മുമ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ, അവർക്കു ജിയോളജി വകുപ്പിൽ നിന്നും ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശുപാർശയിന്മേൽ വിതരണം ചെയ്യേണ്ടതായ പാസുകൾ, ടോക്കൺ നൽകുന്നതിന് ബാധകമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു സമിച്ച് ടോക്കൺ നൽകി, ഒരു മാസകാലയളവിന് മുൻകൂറായി നേടേണ്ടതാണ്.

(2) ഒരു കടവിൽ രാവിലെ 6 മണിക്കു മുമ്പും വൈകുന്നേരം 3 മണിക്കു ശേഷവും യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

(3) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ മണൽ വാരൽ പ്രവർത്തനം നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ, ഈ ആക്ടിലെ ഓരോ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി, ഏർപ്പെടുത്തേണ്ടതാണ്.

(4) നദിയുടെ അടിത്തട്ടിൽ നിന്നുമാത്രം മണൽ വാരാൻ അനുവദിക്കേണ്ടതും, നദീതീരത്തിന്റെ 10 മീറ്ററിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതുമാണ്.

(5) ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

(6) മണൽ കയറ്റുന്നതിനുള്ള വാഹനം നദീതീരത്തു നിന്നും ഏറ്റവും കുറഞ്ഞത് 25 മീറ്റർ അകലത്തിൽ പാർക്ക് ചെയ്യേണ്ടതും, മണൽ കയറ്റുന്നതിനുവേണ്ടി യാതൊരു വാഹനവും നദീതീരത്തേക്ക് കൊണ്ടുവരാൻ പാടില്ലാത്തതുമാണ്.

(7) ഒരു കടവിലോ നദീതീരത്തോ നിന്ന് ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ അളവ് മണൽ വാരാൻ പാടില്ലാത്തതാണ്.

(8) മണൽ വാരൽ പ്രവർത്തനത്തിന് കൊല്ലി വലയോ, 'പോം സ്കൂപ്പിംഗോ' ഏതെങ്കിലും യന്ത്രവൽകൃത രീതിയോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

(9) ഉപ്പുവെള്ളം നദീജലവുമായി കലരാൻ സാദ്ധ്യതയുള്ളിടത്ത് മണൽ വാരൽ നടത്താൻ പാടില്ലാത്തതാണ്.

33/5915/2001/MC.